"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ്- വൈഗ അന്തർദേശീയ പ്രദർശനവും ശിൽപ്പശാലയും - ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച തുകയിൽ നിന്നും വീട് നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കൃഷി (ആസൂത്രണം ബി) വകുപ്പ്**

സ.ഉ.(സാധാ) നം.106/2023/AGRI തീയതി,തിരുവനന്തപുരം, 01-02-2023

പരാമർശം:-

1. 03.03.2021- ൽ ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വൈഗ കമ്മിറ്റിയുടെ അവലോകന യോഗ നടപടിക്കുറിപ്പ്
2. വൈഗ പരിപാടിയുമായി ബന്ധപ്പെട്ട് ടിക്കറ്റ് വിൽപ്പന നടത്തി ലഭിച്ച തുക ഭവനരഹിതർക്ക് ഭവനനിർമ്മാണത്തിന് നൽകുവാൻ തീരുമാനിച്ചതുമായി ബന്ധപ്പെട്ട് 03.02.2022 ൽ ബഹു.ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്സ്
3. 10.02.2022 തീയതിയിലെ കേരള സർക്കാർ ലൈഫ് മിഷൻ കോ-ഓർഡിനേറ്ററുടെ എൽ.എഫ്/ടി.എസ്.ആർ/ഡി 61/204/22 നം. കത്ത്
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15.09.2022, 30.11.2022, 28.01.2023 തീയതികളിലെ ടി.എം(2)2546/2021 നമ്പർ കത്തുകൾ.

**ഉത്തരവ്**

വൈഗ അന്തർദേശീയ പ്രദർശനത്തിന്റെ (2020) ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച തുക [22,92,259 (ഇരുപത്തിരണ്ട് ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി ഇരുന്നൂറ്റി അൻപത്തി ഒമ്പത്) രൂപ] ഉപയോഗിച്ച് 4 പേർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് സൂചന ഒന്ന് പ്രകാരം തീരുമാനം ആയിരുന്നു.

2. സൂചന രണ്ടു യോഗതീരുമാന പ്രകാരം തെരെഞ്ഞെടുത്ത നാലുപേർക്ക് 5.7 ലക്ഷം രൂപ വീതം ഒരു വീടിന് എന്ന കണക്കിൽ നൽകുന്നതിന് ശുപാർശ ചെയ്യുകയും അതോടൊപ്പം ലൈഫ് മിഷന്റെ ജില്ലാ കോർഡിനേറ്ററുടെ ഗുണഭോക്താക്കളുടെ തൽസ്ഥിതി റിപ്പോർട്ട് സഹിതം ആയതിനുള്ള സർക്കാർ അനുമതിക്കായി സമർപ്പിക്കാൻ തീരുമാനം ആകുകയും ചെയ്തു.

3. മേൽ വിവരങ്ങളുടേയും രേഖകളുടേയും അടിസ്ഥാനത്തിൽ വൈഗ-2020 അന്തർദേശീയ ശിൽപ്പശാലയുടെ പ്രദർശനത്തോടനുബന്ധിച്ച് ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച 22,92,259 രൂപയിൽ നിന്ന് താഴെ പറയുന്ന 4 പേർക്ക് 5.7 ലക്ഷം രൂപ വീതം നൽകി KLDC മുഖേന വീട് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സൂചന 4 കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുന്നു.

1.ശ്രീ.മുഹമ്മദ് അഫ്സൽ,
S/oമുഹമ്മദ് ഷഹാവുദീൻ
ചെറിയ വീട്ടിൽ
വെള്ളാങ്ങല്ലൂർ പിൻ-680662 , തൃശ്ശൂർ

2.ശ്രീ.സന്തോഷ് പി.വി,
പുഴയ്ക്കൽ വീട്
ചെറുകുന്ന്
വെട്ടുകാട് പി.ഒ-680014 , തൃശ്ശൂർ

3.ശ്രീമതി. ആതിര & ആകാശ് ,

C/o ബാലൻ (Late )
പയറ്റില്ലംപറമ്പത്ത് വീട്
പോത്താനിദേശം
എടതിരിഞ്ഞി വില്ലേജ്
മുകുന്ദപുരം-680122 , തൃശ്ശൂർ

4.ശ്രീമതി.മല്ലിക കെ.ആർ
കണക്കത്ര വീട്
അന്തിക്കാട് പി.ഒ
പടിയം വില്ലേജ്
അന്തിക്കാട് , തൃശ്ശൂർ

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും മേൽ പരാമർശിച്ച വ്യക്തികൾക്ക് വൈഗ -2020 അന്തർദേശീയ പ്രദർശനത്തിന്റെ ടിക്കറ്റ് വിൽപ്പനയുടെ ലഭിച്ച 22,92,259 രൂപയിൽ നിന്നും 5.7 ലക്ഷം രൂപ വീതം നൽകി KLDC മുഖേന വീട് നിർമ്മിക്കുന്നതിനായി കൃഷി ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJITHDAS A
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള , തിരുവനന്തപുരം
ധനകാര്യ / സാമ്പത്തിക ആസൂത്രണകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Nisha T K
സെക്ഷൻ ഓഫീസർ
Date: 01-02-2023 17:13:10

പകർപ്പ് :
ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പ്രിൻസിപ്പൽ സെക്രട്ടറി / കാർഷികോൽപ്പാദന കമ്മീഷണറുടെ പി.എ യ്ക്ക്